മഞ്ഞിന്റെ കഥയും പുതുമയുള്ളതാണു്. വിമലയെന്ന കഥാപാത്രത്തിലൂടെയാണു് വായനക്കാർ മററുള്ളവരെ പരിചയപ്പെടുന്നതു്. അവളടങ്ങുന്ന ഒരു മലയാളികുടുംബം, നാട്ടിലെ എതിർപ്പുകൾ കാരണം, അൽമോറയിലെത്തുന്നു. പിതാവു് സ്ഥാപിച്ച, ഉരുളക്കിഴങ്ങു് ഗവേഷണകേന്ദ്രവും പുതിയ വീടുമാണു് അവരുടെ സാമ്രാജ്യം. അതിലെ മുടിചൂടാമന്നനായ പിതാവിന്റെ ചിത്രം തിളക്കമുള്ളതാണു്. സാഹസിയും മുൻകോപിയുമായ അദ്ദേഹം, സ്നേഹശീലനെങ്കിലും മൂന്നു മക്കൾക്കും ഒരു പേടിസ്വപ്നമായിരുന്നു. പക്ഷെ വർഷങ്ങൾക്കുശേഷം "കാലിപിള്ളേർ ചുഴററിയിട്ട ചേരയെ പോലെ" നിസ്സഹായനായി കിടക്കുമ്പോൾ, നാല്പതുവസന്തങ്ങൾ പിന്നിട്ട അമ്മ, പറന്നുപോകുന്ന യൌവനത്തെ ലോമയിലും ക്രീമിലുമൊക്കെ തടഞ്ഞുനിർത്താൻ പാടുപെടുന്നു. തന്റെ പരിചരണത്തിനുവേണ്ടി ദാഹിച്ചു കിടക്കുന്ന ഒരിക്കൽ പ്രതാപിയായിരുന്നെങ്കിലും, ഇന്നവശനായ ഭർത്താവിനെ മറന്നു് അവർ, ആൽഫ്രഡു് ഗോമസ്സ് എന്ന വിധുരനിൽ ആശ്വാസം കണ്ടെത്തുന്നു. ഈ ചുററുപാടുകളിൽ വളർന്ന, ബാബു എന്ന വിമലയുടെ അനിയൻ, ചീട്ടുകളിക്കാരനും, കള്ളുകുടിയനുമായിതീർന്നെങ്കിൽ അതു സ്വാഭാവികം മാത്രമായിരുന്നു. അനിത എന്ന മകളാകട്ടെ, അയൽവീട്ടുകാരനുമായുള്ള പ്രേമബന്ധത്തിൽ, ജീവിതം ആസ്വദിക്കുന്ന വ്യഗ്രതയിലും!

ഈ അന്തരീക്ഷത്തിൽ വീർപ്പുമുട്ടുന്ന വിമല; ആശ്വാസത്തിന്റെ മേച്ചിൽ സ്ഥലങ്ങൾ അന്വേഷിച്ചവസാനം മഞ്ഞുമൂടിയ, കുമയൂൺകുന്നുകളു

ടെ നടുവിലെ, ഒരു കലാലയത്തിലെ ജന്തുശാസ്ത്രാദ്ധ്യാപികയാവുന്നു. വർഷങ്ങൾ പിന്നിടുമ്പോൾ, അവൾക്ക് കേരളവും അൽമോറയും അപരിചിതങ്ങളായ നാടുകളാകുന്നു. ഹിമാലയത്തിലെ മഞ്ഞുമൂടിയ ആ നഗരവും അവളും പരസ്പരം ആകർഷിക്കപ്പെടുന്നു. വസന്തങ്ങൾ വരികയും പോകുകയും ചെയ്യുമ്പോൾ, തന്റെ സൌന്ദര്യത്തിനും, യൌവനത്തിനും കോട്ടം വരുന്നതവൾ വേദനയോടെ കാണുന്നു. അതിനിടെ, ഒരു വേനൽക്കാലത്തു് സമയം ചോദിച്ചടുത്തുവന്ന ഒരു ടൂറിസ്റ്റ്, സുധീർകുമാർ മിശ്രയുമായവൾ പരിചയപ്പെടുന്നു. മുടിയിഴകൾ തെറിച്ചുകിടക്കുന്ന നെററിക്കുതാഴെ, നീലിമ തിളങ്ങുന്ന കണ്ണുകളും, ഷേവുചെയ്ത പച്ചനിറം മാറാത്ത കവിളുകളുമുള്ള ആ 'തലതിരിഞ്ഞ ഇരുപത്തെട്ടുകാരൻ' വിമലയിലുണ്ടാക്കിയ മാററങ്ങൾ വലുതായിരുന്നു. ഭംഗിയായി സംസാരിക്കുന്ന, തമാശകൾ പൊട്ടിക്കുന്ന സുധീറിൽ ഒരു ജീവിതസഖാവിനെയാണ് വിമല കാണുന്നതു്. കാപ്പിറേറാളിന്റെ അടഞ്ഞ ജാലകങ്ങൾക്കു കീഴിലും, നൈനിദേവിയുടെ അമ്പലത്തിന്റെ കല്ലുപാകിയ നടപ്പാതകളിലും, മല്ലിത്താളിലും തടാകതീരത്തും, ആസ്വദിച്ച നിമിഷങ്ങൾ അവൾക്കേററവും പ്രിയംകരങ്ങളായി തീർന്നു. പക്വതവന്ന മനസ്സോടെ, അതുവരെ യുവത്വത്തിന്റെ പ്രലോഭനങ്ങൾ ചെറുത്തുനിന്നിരുന്ന വിമല, ഒരു ദിവസം ആ ചെറുപ്പക്കാരനു് സ്വയം സമർപ്പിക്കുന്നു. ആ ഒരു രാത്രി മാത്രമെ, ഓർക്കാനുണ്ടാവൂ എന്നവൾ മനസ്സിലാക്കുന്നില്ല. അവസാനം പ്രേമോപഹാരമായി, കുറെ കവിതാപുസ്തകങ്ങളും, ഒരു റോസ് സെൻറും നല്കി യാത്രപറഞ്ഞ അയാൾ വർഷങ്ങളോളം അയാൾക്കുവേണ്ടി കാത്തിരുന്ന വിമലയുടെ മുൻപിൽ വരുന്നില്ല. ഓരോ വേനലിലും, വസന്തത്തിലും, ടൂറിസ്റ്റുകൾക്കിടയിൽ അയാളെ കാണാനുഴറി നടക്കുന്ന വിമല അപ്രതീക്ഷിതമായി ഒരു വേനൽക്കാലത്തു് മദ്ധ്യവയസ്കനായ ഒരു സർദാർജിയെ പരിചയപ്പെടുന്നു. അയഞ്ഞ പാൻറും ഷർട്ടും ധരിച്ച, വിരൂപതയുടെ മൂർത്തീകരണമായ ആ സർദാർജിയുടെ തമാശനിറഞ്ഞ സംഭാഷണങ്ങളും സഹൃദയത്വവും വിമലയെ ആകർഷിക്കുന്നു. ഒരു സ്നേഹിതനെന്ന നിലക്ക് അയാളോടൊത്തു നഗരം ചുററുന്ന അവൾ, പണ്ടു് സുധീറുമായി സന്ദർശിച്ച സ്ഥലങ്ങളിൽവെച്ച് അയാൾ പറയുന്ന കൊള്ളിവാക്കുകൾ കേട്ടമ്പരക്കുന്നു. അതോടൊപ്പം സുധീറിനെ കുറിച്ചുള്ള ഓർമ്മകളും ഓടിയെത്തുന്നു. അവസാനം കടം വാങ്ങിയ ഒരു സായാഹ്നം കൂടി, ബാക്കിയുണ്ടെന്നു ഓർമ്മപ്പെടുത്തിക്കൊണ്ട്, അയാളും ആ സീസൺ അവസാനത്തിൽ യാത്രപറയുമ്പോൾ, വിമല നിരാശയിലാഴുന്നു. തന്റെ വെള്ളക്കാരൻ പിതാവിനെ തിരക്കിനടക്കുന്ന ബുദ്ദു എന്ന തോണിക്കാരൻ പയ്യനോടൊപ്പം സുധീറിനെ ഓർത്തു വിമലയും പറഞ്ഞു പോകുന്നു, 'അടുത്ത സീസണിലെങ്കിലും വരാതിരിക്കില്ല, എന്ന്' ഒപ്പം, അനുവാചകരും പറഞ്ഞുപോകുന്നു 'വരാനിടവരട്ടെ' എന്ന്. അതോടെ കഥ അവസാനിക്കുന്നു!

പാത്രസൃഷ്ടിയുടെ കാര്യത്തിൽ മഞ്ഞ് നാലുകെട്ടിന്റെയും അസുരവിത്തിന്റേയും മുന്നിൽ കടക്കുകയില്ലെങ്കിലും ഒട്ടും പിന്നോക്കമല്ല. വിമലയും സർദാർജിയുമാണ് ഏററവും മിഴിവുള്ള കഥാപാത്രങ്ങൾ. വിമല, അനുവാചകരുടെ സഹതാപം എളുപ്പം നേടിയെടുക്കുന്നു. ഓരോ കത്തു വരുമ്പോഴും സുധീറിന്റേതായിരിക്കുമെന്നുകരുതി വിറക്കുന്ന കൈയോടെ പൊളിക്കുന്ന, ഓരോ ഫോൺകാൾ കിട്ടുമ്പോഴും സുധീറിന്റെ ശബ്ദം കേൾക്കാനോടിയെത്തുന്ന വിമല, മോഹഭംഗങ്ങളുടെ പ്രതീകമാണ്. വേലക്കാരൻവഴി പ്രേമലേഖനങ്ങൾ കൈമാറുന്ന അനിതയും, കുടിക്കാൻ പൈസ കിട്ടാതായപ്പോൾ, അമ്മയുടെ കാമുകനിൽനിന്ന് പണം വാങ്ങാൻ ചങ്കൂററം കാണിക്കുന്ന ബാബുവും പ്രലോഭനങ്ങൾക്കടിമപ്പെടുന്ന യുവത്വത്തിന്റെ കടിഞ്ഞാണില്ലാത്ത പോക്കല്ലാതെ മറെറന്താണ് കാണിക്കുന്നതു്. തലമുടി ഒരു ഉരുളയാക്കി മുകളിൽ കെട്ടിവെച്ച്, 'ഇക്കുതാര'യിലൂടെ പഞ്ചാബി പ്രേമഗാനങ്ങൾ പാടുന്ന സർദാർജി, വർഷങ്ങൾക്കുമുൻപ് തനിയെ വരികയും തനിയെ പോകുകയുംചെയ്ത സുധീറിന്റെ ഓർമ്മ വിമലയിലുണർത്താൻ ഉപകരിക്കുന്നുണ്ടെങ്കിലും, ഒരു തനതായ വ്യക്തിത്വമുള്ള കഥാപാത്രമാണ്. ബുദ്ദു എന്ന തോണിക്കാരന്റെ വെള്ളക്കാരൻ പിതാവിന്റെ വർണ്ണനകളും, ചൌക്കിദാർ അമർസിംഗിന്റെ വീരഗാഥകളും തമാശക്കു വക നല്കുന്നു. രശ്മിവാജ്പേയി എന്ന വിദ്യാർത്ഥി

നിയുടെ പ്രേമം ഉൾക്കൊള്ളിച്ചതു്, ഒരുപക്ഷെ അത്തരമൊരു ചാപല്യത്തിനൊരിക്കൽ അടിമപ്പെട്ട വിമലയുടെ ഓർമ്മ പുതുക്കാനായിരിക്കാം. എല്ലാററിനുമുപരിയായിനില്ക്കുന്നു, വിമലയുടെ തിളക്കമുള്ള ചിത്രം. പണ്ടൊരിക്കൽ അനുഭവിച്ച ഒരു സ്വപ്നത്തിന്റെ ഓർമ്മകളെ താലോലിച്ചുകൊണ്ടു് ആ കുമയൂൺ കുന്നുകളുടെ മഞ്ഞും തണുപ്പും, വികാരഭേദമില്ലാതെ സഹിച്ചുകഴിയുന്ന വിമല, വായനക്കാരന്റെ മനസ്സിനെ പിടിച്ചുപററുന്നു

ഈ കഥാപാത്രങ്ങളുടെ വൈകാരികാവിഷ്ക്കരണത്തിനു്, മാററുകൂട്ടുന്നവയാണു് അവർ ജീവിക്കുന്ന ചുററുപാടുകൾ. നന്ദിദേവിയുടെ മഞ്ഞുകിരീടവും, അമ്പലത്തിൽ ശബ്ദിക്കുന്ന, കുടമണികളും, താറാവുകൾ തത്തിക്കളിക്കുന്ന നൈനീതടാകവും മല്ലിത്താളുമൊക്കെ, മലയാളികൾക്കപരിചിതങ്ങളാണു്. മഞ്ഞണിഞ്ഞ ഹിമാലയൻ ചരിവുകളും, മലമ്പാതകൾ ചെന്നവസാനിക്കുന്ന ചൈനാപിക്കും ഇത്ര കലാസുഭഗതയോടെ വരച്ചുകാണിക്കുന്ന നോവലുകൾ മലയാള സാഹിത്യത്തിൽ കുറവാണെന്നുതോന്നുന്നു. ഇവയെല്ലാം കൂടിച്ചേർന്നു്, വായനക്കാരന്റെ ബോധമണ്ഡലത്തിലും, മഞ്ഞുപാളികൾ ഊർന്നിറങ്ങുന്ന, ഒരു മായാലോകം സൃഷ്ടിക്കുന്നു. അവിടെ ജീവിക്കുന്ന വിമലയും സർദാർജിയും ബുദ്ദുവുമൊക്കെ, വായനക്കാരന്റെ മനസ്സിനെ എളുപ്പം വിട്ടൊഴിയുന്നില്ല.

അങ്ങനെ നോക്കുമ്പോൾ 'മഞ്ഞു്' മററു നോവലുകളേക്കാൾ വലിയ ഒരു ആരാധകവൃന്ദം നേടിയെടുത്തതിൽ അതിശയിക്കാനില്ല. അല്ലെങ്കിലും, തൂമഞ്ഞിന്റെ പരിശുദ്ധിയും കുളിർമ്മയും എപ്പോഴും സ്വാഗതാർഹമാണല്ലോ!

# MAKE YOUR OWN TRANSISTOR RADIO

T. T. Mohamed Kutty, II B. Sc. (Physics)

Nowadays we cannot find anyone without a transistor set. We can assemble a 'three transistor' set at a very low expense.

A list of the necessary components is given below and all of them are available with all Radio dealers. The main components are :—

| | | | |
|---|---|---|---|
| 1. | Transistor | OC. 71 | — 2 |
| 2. | ,, | OC. 72 | — 1 |
| 3. | Diode | OA. 150 | — 1 |
| 4. | Condenser (6 Volt) | 5 mfd | — 2 |
| 5. | Resistance (½ Watt) | 100 k. ohms | — 1 |
| 6. | ,, ,, | 220 k. ohms | — 1 |
| 7. | ,, ,, | 47 k. ohms | — 1 |
| 8. | Tuning condenser | 500 P. F | — 1 |
| 9. | In-put transformer | | — 1 |
| 10. | Out-put transformer | | — 1 |
| 11. | Loud-speaker 2½", | 8 ohms | — 1 |
| 12. | Enamelled copper wire to wind the tuning coil. | | |

**Transistor.** There are three leads on a transistor namely the Collector, the Base and the Emitter. The collector lead is often indicated with a red mark or the symbol ∇, the centre wire is the base and the other the emitter. Care must be taken to connect these leads in their proper places.

**Diode.** The diode is having two poles namely a positive and a negative. The positive end is marked with red paint. The polarity must be noted while connecting the diode in circuit.

**Resistance.** Resistances of current rating ½ watt is needed for our purpose. The values of the resistances are marked on them in colour code. The colours used with their respective numbers are given below.

| | | | |
|---|---|---|---|
| Black | — 0 | Green | — 5 |
| Brown | — 1 | Blue | — 6 |
| Red | — 2 | Violet | — 7 |
| Orange | — 3 | Grey | — 8 |
| Yellow | — 4 | White | — 9 |

The colour code is read from the left en[d] of the resistance [the right end can be recog[nised] by the silver marking there]. The firs[t] and the second colours stand for the two digit[s] and the next one shows the number of zero[s] to be added after the previous two digits.

The colour code of the resistances neede[d] for our purpose are given below.

1. 100 k. ohms (100000 ohms)
   Brown—Black—Yello[w]
2. 220 k. ohms (220000 ohms)
   Red—Red—Yello[w]
3. 47 k. ohms (47000 ohms)
   Yellow—Violet—Orang[e]

**Tuning Condenser.** It is also known a[s] variable condenser or gang condenser. [It] consists of one set of fixed aluminium plat[es] parallel to one another. These plates a[re] called the stator plates. Another set of alum[i]nium plates called rotor plates are assemble[d] on a shaft such that its plates are remaini[ng] midway between the stator plates. The are[a] between the stator plates and the rotor plate[s] on which depends the capacity of the con[]denser, can be altered at will by rotating th[e] shaft. Always connect the aerial wire to th[e] stator plates of the condenser.

**Tuning-Coil.** The coil is often woun[d] over a non-conducting cylinderical tube. [It] can be done on an ordinary pencil for o[ur] purpose. The desired number of turns ca[n] be decided only after completing all th[e] connections.



O.C.71
E B C
TRANSISTOR
+
RED
−
DIODE
R R Y
S
RESISTANCE




Aerial
Earth
4.5V

**Connections.** The connections are done by soldering the components refering to the given diagram. (An electric soldering iron is needed for this)

*Note :* While connecting the transformers care must be taken to connect the proper wires in their proper places. Usually there will be three or more wires on the secondary of the input transformer and on the primary of the out-put transformer. Here for our purpose we can use the wires at the extremities leaving those in the middle.

**Power Supply.** This set works on three ordinary torch cells (i. e. 4·5 V). The anode is connected to the emitter circuit and the cathode to the common end of the resistances. Never interchange the poles, nor increase the voltage above 4·5 volts because it will cause damage to the components.

**Working.** After the preliminary arrangements are over the connections are once more checked and then the wires of aerial and earth are connected. The battery circuit is switched on. Rotate the tuning condenser so as to receive any programme from a particular transmitting station. If you fail to receive any station increase or decrease the number of turns of the tuning-coil [it is left to the constructor as an experiment].

After the set is found to be working successfully it can be modified by arranging it in a cabinet and fitting a knob to the tuning condenser which will enable us to rotate it easily.

With a fine aerial and earth this set will work successfully. Many stations can be heard by varying the turns of the tuning-coil.

# ഒരനുസ്മരണം

(കെ. പി. എ. റഹ്മാൻ, B. Sc. (III) പൂക്കോട്ടൂർ)

സമയം വൈകുന്നേരം അഞ്ചുമണിയായിരുന്നു. എം. ബി. ട്രാൻസ്പോർട്ട്സ് ബസ്സ് എന്നെയും വഹിച്ചുകൊണ്ടു് കോഴിക്കോട്ടേക്കു് ഇരമ്പിക്കുതിക്കുകയായിരുന്നു. ഫറൂക്കിൽ എത്തിയപ്പോൾ ഏതാനും കരിങ്കൊടികൾ എന്റെ നേത്രങ്ങളുടെ റെട്ടീനയിൽ പതിഞ്ഞു. സംഗതി ഏറെക്കുറെ ഗ്രഹിക്കാൻ കഴിഞ്ഞു, ബഹുമാനപ്പെട്ട മന്ത്രി അഹമ്മദ്കുരിക്കൾ മരിച്ചിട്ടുണ്ടാവും എന്നു്. യാതൊരു കുശലപ്രശ്നങ്ങൾക്കും അനുവാദം തരാതെ ബസ്സ് അതിവേഗത്തിൽ ഓടിക്കൊണ്ടിരുന്നു. ഭാഗ്യം എന്നു് പറയട്ടെ ബസ്സ് ടൗണിൽ എത്തുന്നതും 6–10ന്റെ പ്രാദേശികവാർത്തയും ഒരേസമയത്തു് എന്തോ ഒരു ശകുനംപോലെ ഒന്നിച്ചു് സംഭവിച്ചു. ഞാൻ ഒരു കടയുടെ മുൻവശത്തു് ചെന്നു് റേഡിയോവാർത്ത ശരിക്കും ശ്രവിച്ചു. എന്റെ കർണ്ണപുടങ്ങളിൽ പതിച്ച ആ ദുർവാക്കു് "പഞ്ചായത്തു് ഫിഷറീസ് സാമൂഹ്യവികസന മന്ത്രി ഹാജി എം. പി. എം. അഹമ്മദ് കുരിക്കൾ മഞ്ചേരിയിലുള്ള സ്വവസതിയിൽവെച്ചു് നിര്യാതനായിരിക്കുന്നു" എന്നാണു്. ഈ വാചകം ഇന്നും എന്റെ ഹൃദയത്തിൽ അലയടിക്കുകയാണു്.

ആളുകൾ റോഡുകളിൽ തിങ്ങിക്കൂടിയിരുന്നു. കാണുന്ന ഓരോ വാഹനങ്ങളും ദുഃഖസൂചകമായി കരിങ്കൊടിയും ഏന്തിക്കൊണ്ടു് മഞ്ചേരിയിലേക്കായിരുന്നു കുതിച്ചിരുന്നതു്. അന്തരീക്ഷം വളരെ ശോകമൂകമായിരുന്നു. അഹമ്മദ് കുരിക്കളെപ്പററിയുള്ള പല സ്മരണകളും ഒന്നിനു് പുറകെ ഒന്നായി എന്റെ ഹൃദയത്തിലൂടെ കടന്നു് പോയിരുന്നു. എനിക്കു് ഏററവും സുപരിചിതനായ ആ മഹാനെ മരണ സമയത്തു് ഒന്നു് കാണാൻ കഴിയാത്തതിൽ ഞാൻ ഹൃദയാഗമമായി ദുഃഖിച്ചു.

സേവനം മാത്രം ലക്ഷ്യമാക്കി ജീവിതം നയിച്ചിരുന്ന ഒരു മഹാവ്യക്തിയായിരുന്നു ശ്രീ കുരിക്കൾ. അദ്ദേഹത്തിന്റെ വിയോഗം മഞ്ചേരിക്കു മാത്രമല്ല, കേരളത്തിനു് മാത്രമല്ല ഇന്ത്യക്കു തന്നെയും ഒരു തീരാനഷ്ടമാണെന്നു് സുനിശ്ചിതം പറയാം. അല്പം സംസാരിക്കുകയും സംസാരിക്കുന്നതു് പ്രവർത്തനത്തിലൂടെ, സേവനങ്ങളിലൂടെ കാണിച്ചു് കൊടുക്കുകയും ചെയ്തിരുന്ന ഒരു മാതൃകാപുരുഷനായിരുന്നു അദ്ദേഹം. മഞ്ചേരിയിലെ ഒരു പ്രസിദ്ധ കുടുംബത്തിൽ ഖാൻ ബഹദൂർ മൊയ്തീൻകുട്ടി കുരിക്കളുടെ മകനായി ജനിച്ച ശ്രീ. അഹമ്മദ് കുരിക്കൾക്കു് രഷ്ട്രീയ രംഗത്തു് വളരെയധികം താല്പര്യം തോന്നി. ശ്രീ. കേളപ്പന്റെ കൂടെ അദ്ദേഹം കോൺഗ്രസ്സിലും പിന്നീടു് പി. എസ്സ്. പി. യിലും പ്രവർത്തിച്ചു. തന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ ജനസേവനത്തിനു് ഏററവും അനുയോജ്യമായ സംഘടന മുസ്ലിംലീഗാണെന്നു് മനസ്സിലാക്കി, അദ്ദേഹം ലീഗിന്റെ ഒരു പ്രമുഖ നേതാവായിത്തീർന്നു, ലീഗിന്റെ നേതൃസ്ഥാനത്തേക്കുയർന്നു. അങ്ങിനെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ കേരളത്തിന്റെ പഞ്ചായത്തു്, ഫിഷറീസ്, സാമൂഹ്യവികസന മന്ത്രി എന്ന പദവി വളരെ സ്തുത്യർഹമായ നിലയിൽ അലങ്കരിച്ചു.

ഒരു സാമൂഹ്യ പ്രവർത്തകൻ എന്ന നിലക്കും ഒരു കളങ്കമററ മന്ത്രി എന്ന നിലക്കും അദ്ദേഹത്തിന്റെ സേവനങ്ങൾ പ്രശംസാർഹമാണു്. അദ്ദേഹത്തിന്റെ സേവനം ഒരു പ്രത്യേക സമുദായത്തിന്നോ, ഒരു പ്രത്യേക പ്രദേശത്തിന്നോ മാത്രമായിരുന്നില്ല, കേരളത്തിലുടനീളമായിരുന്നു. അദ്ദേഹം പാവപ്പെട്ട കടപ്പുറം നിവാസികളായ മത്സ്യത്തൊഴിലാളികളുടെ നേതാവായിരുന്നു, പ്രശ്നങ്ങൾകൊണ്ടു് ദൈനംദിനം നീറി നീറി നശിച്ചുകൊണ്ടിരുന്ന പഞ്ചായത്തു് ഭരണത്തിന്റെ പുനരുദ്ധാരകനായിരുന്നു. അദ്ദേഹം നടപ്പിലാക്കാൻ ശ്രമിച്ച പഞ്ചായത്തുരാജ്ജും ഫിഷറീസ് മാസ്റ്റർ പ്ലാനും അദ്ദേഹത്തിന്റെ നിത്യസ്മാരകങ്ങളാണു്.

ഞാൻ രാത്രി കൃത്യം 8 മണിക്കു് കോളേജിലേക്കു് മടങ്ങി. എന്റെ സുഹൃത്തുക്കളുടെ ഇടയിലുണ്ടായിരുന്ന ഏകസംസാരവിഷയം ദിവംഗതനായ അഹമ്മദ്കുരിക്കളുടെ ജീവിതചരിത്രമായിരുന്നു. അതെ, ആ മഹാന്റെ ജീവിതചരിത്രം അത്ര വിശാലമാണു്, അത്ര വണ്ണനീയമാണു്.

രാത്രി 10 മണിയോടുകൂടി ഞാൻ നിദ്രയിലാണ്ടു. രാവിലെ എഴുന്നേററു് സുബഹ്നമസ്കാരാനന്തരം ഞാൻ പത്രം നോക്കാൻ ഓടി. പത്രം കൈപററുമ്പോൾ എന്റെ ഹൃദയം തകരുന്നുണ്ടായിരുന്നു. ആദ്യത്തെപ്പേജിൽതന്നെ ദിവംഗതനായ മന്ത്രിയുടെ ഒരു മനോഹര ഫോട്ടോ തിളങ്ങുന്നുണ്ടായിരുന്നു. പക്ഷെ ആ തിളങ്ങുന്ന ദീപത്തിന്റെ പ്രകാശം എന്നെന്നേക്കുമായി പൊലിഞ്ഞു എന്ന വാർത്ത വിശ്വസിക്കാൻ എനിക്കു വളരെയധികം മനപ്രയാസം തോന്നി. എങ്കിലും പത്രത്തിന്റെ പേജുകൾ വാർത്ത സത്യമാണെന്നു് എന്നെ ബോധിപ്പിച്ചു.

പിറെറ ദിവസം വെള്ളിയാഴ്ച കൃത്യം 11 മണിക്കു് കേരളത്തിലെ പ്രമുഖ നേതാക്കന്മാരുടെയും ലക്ഷക്കണക്കായ പൊതുജനങ്ങളുടെയും അകമ്പടിയോടുകൂടി ആ മൃതദേഹം കുരിക്കളുടെ വാസസ്ഥലമായ നൂർമഹലിൽനിന്നു് മഞ്ചേരിയിലുള്ള ജുമുഅത്തു് പള്ളിയിലേക്കു് എഴുന്നെള്ളിക്കപ്പെട്ടു. ഇത്രയും മഹത്തായ ഒരു ജനാവലിയുടെ ഭക്തിനിർഭരമായ പ്രാത്ഥനക്കു് ശേഷം മലബാർ സ്പെഷൽ പോലീസ്സിന്റെ ആചാരവെടികളോടു് കൂടി ആ ദേഹം കബറിൽ ആഴ്ത്തപ്പെട്ടു. ഇനിയൊരിക്കലും അദ്ദേഹം ഭൂമിയിലേക്കു് മടങ്ങുകയില്ല, അദ്ദേഹത്തിന്റെ സേവനങ്ങൾ ഇനിയൊരിക്കലും പ്രതീക്ഷിക്കാവുന്നതല്ല. അങ്ങിനെ ആ ദീപം എന്നെന്നേക്കുമായി ഭൂമുഖത്തുനിന്നു് മറഞ്ഞുപോയി. അല്ലാഹു പരേതനു് മഗ്ഫിറത്തു് നല്കട്ടെ!

## ബോബി കെന്നഡി

# പൊലിഞ്ഞുപോയ പൊൻതാരം

(പി. പി. ഉമർഫാറൂഖ്, II B. Com.)

"അമേരിക്കയിൽ അക്രമം അവസാനിപ്പിക്കാൻ എനിക്കു സാദ്ധ്യമായതൊക്കെ ഞാൻ ചെയ്യും." നിർണ്ണായകമായ കാലിഫോർണിയാ പ്രൈമറിയിൽ വിജയശ്രീലാളിതനായ സെനറ്റർ റോബർട്ട് കെന്നഡി തന്റെ ആരാധകസമൂഹത്തോട് പറഞ്ഞു. അവർ അത്യുച്ചത്തിൽ കയ്യടിച്ചു. പ്രഗൽഭരായ രണ്ട് എതിരാളികളെ തങ്ങളുടെ സ്ഥാനാർത്ഥി തറപറ്റിച്ചതിൽ ആനന്ദനൃത്തം ചവിട്ടുകയായിരുന്നു അവർ. ജയാരവം മുഴക്കിയ ജനക്കൂട്ടം തങ്ങളുടെ മുന്നിൽ നില്ക്കുന്ന ചെറുപ്പക്കാരൻ അടുത്ത ഏഴുമാസത്തിനു ശേഷം പ്രസിഡണ്ട് പദത്തിലിരിക്കുന്നത് സ്വപ്നം കണ്ടു. എന്നാൽ അവരുടെ ആനന്ദം അധികനേരം നിലനിന്നില്ല. പെട്ടെന്ന് അന്തരീക്ഷമാകെ മാറി "ഠെ . . . ഠെ . . . ഠെ . . ." "ഓ മൈഗോഡ് . . ." പൊട്ടിച്ചിരിക്കുകയായിരുന്നവർ, പൊട്ടിക്കരയാൻ തുടങ്ങി. രക്തത്തിൽ കുളിച്ചുകിടക്കുന്ന കെന്നഡി . . . അന്ധാളിച്ചു പോയ അനുയായികൾ . . . കണ്ണുനീരൊഴുക്കുന്ന ആരാധകർ . . ഡോക്ടറെ അന്വേഷിച്ചോടുന്ന ബന്ധുക്കൾ . . മാറത്തടിച്ച് നിലവിളിക്കുന്ന സ്ത്രീകൾ . . പരക്കം പായുന്ന അംഗരക്ഷകർ. അക്രമം അവസാനിപ്പിക്കുമെന്ന് പറയേണ്ടതാമസം — അക്രമി നിറത്തോക്കൊഴിച്ചു. വെടിയേറ്റ റോബർട്ട് കെന്നഡി നിലത്തേക്ക് മലർന്നടിച്ചു വീണു. ചെകിട് തുളച്ച് കയറിയ വെടിയുണ്ടകൾ തലയോട് തകർത്ത് മസ്തിഷ്കത്തിലെത്തിക്കഴിഞ്ഞു. ബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആ ഭീകരമായ നിമിഷത്തിൽ പോലും മനുഷ്യസ്നേഹിയായ ആ യുവാവ് ചോദിക്കയാണ്— "മറ്റെല്ലാവരും സുരക്ഷിതരല്ലേ?." (Is everybody safer.)

റോബർട്ട് കെന്നഡിക്ക് വെടിയേറ്റു. ഒരു ഞെട്ടലോടെയാണ് ലോകം ആ വാർത്ത കേട്ടത്. കേട്ടവരെല്ലാം കണ്ണുനീരൊഴുക്കി. അമേരിക്കയിൽ ദൗർഭാഗ്യപൂർണ്ണമായ ആ കാളരാത്രിയിൽ ഈ ദുരന്തകഥ കേട്ടവർ ഉറങ്ങിക്കിടന്നവരെ വിളിച്ചുണർത്തി. ഈ ദുരന്തത്തിന്റെ ഭീകരത വർണ്ണിക്കാൻ വാക്കുകളില്ലെന്ന് ഉറക്കറയിൽ നിന്നെണീറ്റ് വന്ന പ്രസിഡണ്ട് ജോൺസൻ പറഞ്ഞു. ഇന്ത്യയിൽ ഉച്ചഭക്ഷണം കഴിക്കുകയായിരുന്ന നാം പൊട്ടിക്കരയാനായി തീൻമേശമേൽ നിന്നും ചാടിയെണീറ്റു. കെന്നഡിയുടെ ജീവന്റെ നേരെ നടന്ന കയ്യേറ്റം തന്നെ അന്ധാളിപ്പിച്ചുവെന്ന് പ്രസിഡണ്ട് ഡോ. സക്കീർഹുസൈൻ പറഞ്ഞു. മോസ്കോവിലെ പൗരാവലി കണ്ണുനീരോടെ അമേരിക്കൻ എമ്പസിയിലേക്ക് നീങ്ങി. ഈ ദുരന്തം സോവിയറ്റ് ജനതക്കേറ്റ ആഘാതമാണെന്ന് പ്രധാനമന്ത്രി കൊസിഗിൻ പറഞ്ഞു. വത്തിക്കാനിലെ ഭക്തജനങ്ങൾ കുരിശുവരച്ച് മുട്ടുകുത്തി. പരിശുദ്ധ പിതാവ് പോൾമാർപ്പാപ്പ പ്രത്യേക പ്രാർത്ഥനകൾ നടത്തി. അതേ അവസരത്തിൽ ലോസ് ആഞ്ചൽസിലെ ഡോക്ടർമാർ കെന്നഡിയുടെ ജീവൻ രക്ഷിക്കാനുള്ള വ്യഗ്രതയിൽ മരണവുമായി മല്ലടിക്കുകയായിരുന്നു. ഗംഭീരരായ ഡോക്ടർമാർ— പ്രഗൽഭരായ ഭിഷഗ്വരന്മാർ— അവർ തങ്ങളുടെ കൃത്യം ശരിക്കും നിർവ്വഹിച്ചു— പഠിച്ച വിദ്യകളൊക്കെപ്പയറ്റി— തങ്ങളുടെ വിദഗ്ധമായ പാണ്ഡിത്യത്തിന്റെ അവസാന സ്റ്റോക്കും ഡോക്ടർമാർ ചിലവഴിച്ചു. പക്ഷെ, മരണവും ജീവിതവും തമ്മിലുള്ള 25 മണിക്കൂർ നേരത്തെ ആ പോരാട്ടത്തിൽ കനത്ത വെല്ലുവിളികളെ സുധീരം നേരിട്ടുകൊണ്ട് മരണം ജയഭേരി മുഴക്കി. ആ ക്രൂരസത്യം നമ്മെ തുറിച്ചു നോക്കി— റോബർട്ട് കെന്നഡി പരലോകപ്രാപ്തനായി.

റോബർട്ട് ഫ്രാൻസിസ് കെന്നഡി സമാധാനത്തിന്റെ വക്താവും ജനസമ്മതനായ നേതാവുമാ

യിരുന്നു. പൊലിഞ്ഞുപോയ ആ പൊൻതാരം ജനങ്ങളുടെ നല്ലവനും, വിശ്വസ്തനുമായ ഒരു സേവകനെന്ന നിലയിൽ ഉൽകൃഷ്ടനും, അനുകമ്പയുള്ളവനുമായ ഒരു ജേതാവായിരുന്നു. അദ്ദേഹത്തിന്റെ മരണത്തോടെ അമേരിക്കൻ രാഷ്ട്രീയത്തിലെ നിറപ്പകിട്ടേറിയൊരു പൊൻതാരമാണ് അസ്തമിച്ചത്. തികഞ്ഞ ഊർജ്ജസ്വലതയും, ഉന്നതമായ ആദർശനിഷ്ഠയുമുള്ള ഒരു അപൂർവ്വവ്യക്തിയായിരുന്നു റോബർട്ട് കെന്നഡി. 'ബോബി' എന്ന ഓമനപ്പേരിലറിയപ്പെട്ടിരുന്ന ഇദ്ദേഹം പരേതനായ തന്റെ സഹോദരൻ ജോൺകെന്നഡിയെപ്പോലെത്തന്നെ യുവത്വത്തിന്റെ നവചൈതന്യം പകർന്നു കൊടുത്ത യുവകോമളനായിരുന്നു. ഔദാര്യത്തിലും, സാഹോദര്യചിന്തയിലും കെന്നഡി സഹോദരന്മാർ ഒരിക്കലും പിശുക്ക് കാണിച്ചിരുന്നില്ല. ഇരുവരും എല്ലാ രാജ്യങ്ങളിലെയും എല്ലാ വീടുകളിലും സുപരിചിതരായിരുന്നു. ജോൺ അമേരിക്കയുടെ പ്രസിഡണ്ടായിരുന്നപ്പോൾ റോബർട്ട് അറ്റോർണി ജനറലായിരുന്നു. ഈ ഉദ്യോഗം അമേരിക്കൻ മന്ത്രിസഭയിലെ ആറാം സ്ഥാനമായിരുന്നുവെങ്കിലും, സ്വാധീനത്തിലും പ്രവർത്തനത്തിലും റോബർട്ട് തന്റെ സഹോദരന്റെ അടുത്തുതന്നെ ഉണ്ടായിരുന്നു. മന്ത്രിസഭയിൽ റോബർട്ട് കെന്നഡിയുടെ സ്ഥാനം രണ്ട് അല്ല; ഒന്നരയായിരുന്നു. അവർ രണ്ടുപേരും പ്രസിഡണ്ടാണെന്ന് തോന്നിയിരുന്നു. ജോൺകെന്നഡി ഏതാദർശത്തിന് വേണ്ടി സ്വജീവൻ ബലിയർപ്പിച്ചുവോ, അതേ ആദർശത്തിന്റെ ബലിപീഠത്തിലാണ് റോബർട്ട് കെന്നഡിയും രക്തസാക്ഷിയായത്. വർഗ്ഗസമത്വത്തിനും, സാമൂഹ്യനീതിക്കും വേണ്ടി കെന്നഡി കുടുംബത്തിലെ ഈ രണ്ട് പ്രമുഖവ്യക്തികൾക്ക് തങ്ങളുടെ ജീവൻ ഒടുക്കേണ്ടിവന്നു—ജോൺ പ്രസിഡണ്ട് പദത്തിൽ വെച്ചായിരുന്നുവെങ്കിൽ റോബർട്ട് പ്രസിഡണ്ട് പദത്തിന്റെ പടവുകളിൽ വെച്ച്, കെന്നഡി സഹോദരന്മാർ നിശ്ചയദാർഢ്യമുള്ളവരായിരുന്നു. ന്യായത്തെക്കാളും സത്യത്തിന് പ്രാധാന്യം കല്പിച്ചിരുന്ന അവർ സത്യത്തെ മാത്രമെ ന്യായീകരിച്ചിരുന്നുള്ളൂ.

ശ്രീ. റോബർട്ട് കെന്നഡി 1925 നവംബർ 20-ാംനു- ജോസഫ് പാട്രിക് കെന്നഡിയുടെ പുത്രനായി മസ്സാച്ചുസെറ്റ്സിലെ ബ്രൂക്ക്‌ലിനിൽ ജനിച്ചു. ഹാർവാർഡ് സർവ്വകലാശാലയിൽ നിന്നും പ്രശസ്തവിജയം നേടിയ ഇദ്ദേഹം വെർജീനിയ സർവ്വകലാശാലയിൽ നിന്നാണ് നിയമബിരുദം സമ്പാദിച്ചത്. രണ്ടാം ലോകമഹായുദ്ധകാലത്ത് അല്പകാലം സൈനികസേവനമനുഷ്ഠിച്ചിരുന്ന ഇദ്ദേഹം 1950-ൽ, തന്റെ സഹോദരി ജീനിന്റെ സഹപാഠിനിയും, സഹവാസിനിയുമായിരുന്ന എഥൽസ്കാത്തിലിനെ വിവാഹം ചെയ്തു. അമേരിക്കയിലെ ഏറ്റവും പ്രശസ്തമായ ഒരു രാഷ്ട്രീയ കുടുംബത്തിൽ ജനിച്ച റോബർട്ടിന് രാഷ്ട്രീയം ഒരു കുടുംബകാര്യമായിരുന്നുവെങ്കിലും അദ്ദേഹത്തിന്റേത് ആഹ്ലാദത്തിന്റെ രാഷ്ട്രീയമായിരുന്നില്ല. "ഞാൻ പലപ്പോഴും കണ്ടിട്ടുള്ളത് പോലെ മിസ്സിസ്സിപ്പിഡെൽറ്റയിൽ നീഗ്രോകുഞ്ഞുങ്ങൾ വിശന്ന് മരിക്കുന്നത് നിങ്ങളും കണ്ടിരുന്നുവെങ്കിൽ രാഷ്ട്രീയം ആഹ്ലാദിക്കാനുള്ള ഉപായമല്ലെന്ന് നിങ്ങളും മനസ്സിലാക്കുമായിരുന്നു." എന്ന് റോബർട്ട് ഒരിക്കൽ പറയുകയുണ്ടായി. ചന്ദ്രനിലേക്ക് അല്പം സാവധാനത്തിൽ പോയാലും, മനുഷ്യദുരിതങ്ങളുടെ ചങ്ങലകൾ പൊട്ടിച്ചെറിയാൻ നാം ധൃതിവെക്കേണ്ടതുണ്ട്.

26-ാം വയസ്സിൽ നീതിന്യായവകുപ്പിന്റെ ക്രിമിനൽ വിഭാഗത്തിൽ ഒരു അഭിഭാഷകനായിക്കൊണ്ട് റോബർട്ട് കെന്നഡി ഗവർമ്മെണ്ട് സർവ്വീസിൽ പ്രവേശിച്ചു. പിന്നീട് അനവധി സെനറ്റ് സെലക്റ്റ് കമ്മിറ്റികളുടെ മുഖ്യോപദേഷ്ടാവെന്നനിലയിൽ ഗവൺമെന്റിന്റെ നിയമനിർമ്മാണപരവും, സൂക്ഷ്മാന്വേഷണപരവുമായ കൃത്യങ്ങളെപ്പറ്റി വിലയേറിയ അനുഭവപരിചയം അദ്ദേഹം നേടി. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ "പാളയത്തിലെ ശത്രു" (The Enemy within) എന്നൊരു ഗ്രന്ഥം അദ്ദേഹം രചിച്ചിട്ടുണ്ട്. 1961-ൽ പ്രസിഡണ്ട് കെന്നഡി അദ്ദേഹത്തെ അറ്റോർണിജനറലായി നിയമിച്ചു. അന്നദ്ദേഹത്തിന് 35 വയസ്സ് മാത്രമായിരുന്നു പ്രായം. 1814-ൽ ഈ ഉദ്യോഗം ഏർപ്പെടുത്തിയ ശേഷം ഈ സ്ഥാനംവഹിച്ച ഏറ്റവും പ്രായം കുറഞ്ഞ ആളാണ് റോബർട്ട്. ഇദ്ദേഹം അറ്റോർണിജനറൽ സ്ഥാനം വഹിച്ചിരുന്ന കാലത്ത് കുറ്റകൃത്യങ്ങൾ തടയുകയും, പൗരാവകാശങ്ങൾ പുരോഗ

മിപ്പിക്കുകയും ചെയ്യുന്നതിനുള്ള സുശക്തമായ നീക്കങ്ങളുണ്ടായി. അമേരിക്കൻ ചരിത്രത്തിലെ വിധിനിർണ്ണായകമായ ഒരു ഘട്ടമായിരുന്നു ഇതു്. തന്റെ ചുമതല കെന്നഡി ഭംഗിയായി നിർവ്വഹിച്ചു. സത്യമായ മനഃസാക്ഷിയുടെയും, നാഗരീകമായ മാനവരാശിയുടെ വിശ്വാസജനകമായ ശബ്ദത്തിന്റെയും ഉടമസ്ഥനായി അദ്ദേഹം മാറി. നീഗ്രോകളുടെ സ്വാതന്ത്ര്യത്തിന്നായി അദ്ദേഹം അവിശ്രമം പരിശ്രമിച്ചു. പൗരാവകാശകാര്യങ്ങളിൽ വർഗ്ഗ–വർണ്ണവ്യത്യാസമന്യേ തുല്യതനല്കുന്ന നിയമങ്ങൾ അദ്ദേഹം ആവിഷ്കരിച്ചു. നീഗ്രോകളോടും, ദരിദ്രരോടും ഉള്ളുതുറന്നു് പെരുമാറാൻ തന്റെ വംശത്തിലും, സ്ഥാനത്തിലും ഉള്ള മററാരെക്കാളും റോബർട്ടു് കെന്നഡിക്കു് കഴിവുണ്ടു്. നീഗ്രോകേന്ദ്രങ്ങളിൽ ചെല്ലുമ്പോൾ ജനങ്ങൾ ആഹ്ലാദാനുമോദനങ്ങൾ കൊണ്ടദ്ദേഹത്തെ മൂടുക പതിവായിരുന്നു. 'നീലക്കണ്ണുള്ള ആത്മസഹോദരൻ' എന്നു് നീഗ്രോകൾ അദ്ദേഹത്തെ വിശേഷിപ്പിക്കാറുണ്ടു്. പൗരാവകാശങ്ങളും, നീഗ്രോകളുടെ ആവശ്യങ്ങളും അദ്ദേഹം എപ്പോഴും എടുത്തു പറയാറുണ്ടു്. ഇതെല്ലാം വോട്ടുതട്ടാനുള്ള കുതന്ത്രമാണോ എന്നു് സംശയിക്കുന്നവരുണ്ടാകാം. എന്നാൽ 'ഹർലം' സ്ട്രീററിലെ കൃമികീടങ്ങൾ ഇഴഞ്ഞു നടക്കുന്ന നീഗ്രോ ചേററക്കുടിലുകൾ റോബർട്ടു് സന്ദർശിക്കുന്നതു് കണ്ടിട്ടുള്ളവർ അതു് അഭിനയമാണെന്നു് പറയുകയില്ല. മിസ്സിസ്സിപ്പിയിലെ 'ഈജിയൻ തൊഴുത്തു'കളിൽ പട്ടിണികിടന്നു് വലയുന്ന നീഗ്രോകുഞ്ഞുങ്ങളെ റോബർട്ടു് കൈപിടിക്കുന്നതു് കണ്ടിട്ടുള്ളവർ അതു് വോട്ടുതട്ടാനുള്ള കുതന്ത്രമാണെന്നു് ഒരിക്കലും സംശയിക്കുകയില്ല. പാവങ്ങളോടു് മററാരെയുംകാൾ അദ്ദേഹം ആർദ്രത പ്രകടിപ്പിച്ചു. ഇക്കാരണത്താൽ വൻകരകൾക്കപ്പുറം ആയിരക്കണക്കിന്നു് അമേരിക്കൻ പാവങ്ങൾ മരിച്ചു വീഴുന്ന വിയററ്നാം യുദ്ധത്തെ അദ്ദേഹം ശക്തിയായി എതിർത്തു. ദാരിദ്ര്യനിർമ്മാർജ്ജനയത്നങ്ങൾ, പൗരാവകാശങ്ങൾ, മെച്ചപ്പെട്ട തൊഴിൽസൌകര്യങ്ങൾ തുടങ്ങിയ പ്രശ്നങ്ങളിൽ വളരെ വിശാലവും, ആത്മാർത്ഥവുമായ ഒരു നിലപാടാണു് ബോബി കെന്നഡി കൈക്കൊണ്ടതു്. ഈ പ്രവൃത്തികൾ ലോകം മുഴുവനുമുള്ള വിവേചനാ ശക്തിയുള്ള മനുഷ്യരാശിയുടെ ഒരു ബന്ധുവാക്കി കെന്നഡിയെ മാററാൻ പര്യാപ്തമായിരുന്നു. വളരെ വ്യക്തമായിപ്പറഞ്ഞാൽ സ്വാതന്ത്ര്യത്തിന്റെ നിലനില്പും, വിജയവും ഉറപ്പാക്കുന്നതിന്നു് വേണ്ടി എന്തു് വിലനൽകാനും, എന്തു് ഭാരം വഹിക്കാനും, എന്തു ത്യാഗം സഹിക്കാനും, ഏതു് സുഹൃത്തിനെ സഹായിക്കാനും, ഏതു് ശത്രുവിനെ എതിരിടാനും ബോബികെന്നഡി സന്നദ്ധനായിരുന്നു. ചൈനയെ യൂനോവിൽ കൊണ്ടുവരണമെന്നദ്ദേഹം നിർദ്ദേശിച്ചു, ഇന്ത്യയെ കൂടുതൽ സഹായിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. വിയററ്നാമിലെ ബോംബാക്രമണം അവസാനിപ്പിക്കാൻ അഭ്യർത്ഥിച്ചു. നീഗ്രോകൾക്കു് വേണ്ടിയദ്ദേഹം വാദിച്ചു പൗരസ്ത്യലോകവുമായി കൂടുതൽ അടുക്കാൻ അദ്ദേഹം ഉപദേശിച്ചു. അങ്ങിനെ, "കമ്യൂണിസ്റ്റു്" ആയ ബോബി, "സോഷ്യലിസ്റ്റു്" ആയ ബോബി, "ഉദാരമനസ്കനായ" ബോബി, "വിശാലവീക്ഷണമുള്ള" ബോബി ലോകയുവത്വത്തിന്റെ സുന്ദരപുഷ്പമായിരുന്നു. യുവജനങ്ങളുടെ, പ്രത്യേകിച്ചു് വിദ്യാർത്ഥിലോകത്തിന്റെ അഭിമാനഭാജനമായിരുന്നു. സത്യംപറഞ്ഞാൽ ബോബി കെന്നഡി അമേരിക്കക്കാരുടെ 'ബോബി'യായിരുന്നു.

ആയിരത്തിത്തൊള്ളായിരത്തി അറുപതാം ദശകത്തിന്റെ ആദ്യവർഷങ്ങളിൽ 'വൈററ്ഹൗസി'ലേക്കു് വീശിയ ഒരു പ്രകാശമായിരുന്നു ബോബി കെന്നഡി. രാഷ്ട്രത്തിന്റെ ഭാഗധേയത്തിന്മേലുള്ള അധികാരത്തിലും, സ്വാധീനത്തിലും അദ്ദേഹം ഒരു കാര്യത്തിലും തന്റെ ജ്യേഷ്ഠസഹോദരൻ ജോൺ കെന്നഡിയുടെ താഴെ ആയിരുന്നില്ല. വിഷമഘട്ടങ്ങളിൽ പ്രസിഡണ്ടു് കെന്നഡി വൈററ്ഹൗസ് ഭരണയന്ത്രം പ്രവർത്തിപ്പിക്കാൻ ഏററവും അധികം അർത്ഥിച്ചിരുന്നതു് തന്റെ സഹോദരൻ ബോബിയുടെ സഹായഹസ്തങ്ങളായിരുന്നു. തുടക്കത്തിൽ ബോബി അത്ര പ്രസിദ്ധനൊന്നുമായിരുന്നില്ല. എന്നാൽ അദ്ദേഹം വളരെ സത്യസന്ധനും, നിഷ്കന്മഷനും, യോഗ്യനും, ബുദ്ധിമാനും, കഠിനദ്ധ്വാനപ്രിയനും, കെന്നഡിസത്തിന്നു് വേണ്ടി അർപ്പിക്കപ്പെട്ടവനും ആയിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനത്തിൽ പ്രസിഡണ്ടിന്നൊരിക്കലും ഭയത്തിന്നവകാശമുണ്ടായിരുന്നില്ല. മുഖ്യമായ കാര്യങ്ങളിൽ അദ്ദേഹം പ്രസിഡണ്ടി

ന്റെ ഏററവും വിശ്വസ്തനായ ഉപദേഷ്ടാവായി നിലകൊണ്ടു. അതേയവസരത്തിൽ നീതിന്യായ വിഭാഗത്തിന്റെ 32,000 ഉദ്യോഗസ്ഥന്മാരെ ഭരിക്കുന്ന അററോർണി ജനറൽസ്ഥാനവും അദ്ദേഹം വഹിച്ചിരുന്നു. തുടക്കത്തിൽ ബോബിയുടെ അറിവും, പരിചയവും പരിമിതമായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ സമീപനരീതി യുക്തവും, ചുറുചുറുക്കുള്ളതുമായിരുന്നു. തനിഷ്ഠ സമർത്ഥനായ ഒരു ഭരണതന്ത്രജ്ഞനാവാമെന്ന് വെറും മൂന്നു മാസംകൊണ്ടദ്ദേഹം തെളിയിച്ചു. ഉച്ചമായ ആദർശാസംകൊണ്ട് പ്രഗൽഭനും, പ്രശസ്തനും, ധീരനും, സ്ഥിരോത്സാഹിയുമായ ഒരു ചെറുപ്പക്കാരൻ രംഗപ്രവേശനം ചെയ്തു. ഒരു അമേരിക്കക്കാരനെന്നനിലയിൽ സ്വാഭാവികമായും അദ്ദേഹം മുതലാളിത്തത്തെ ആദരിച്ചേക്കാം. എന്നാൽ അദ്ദേഹം ഒരു "കൾച്ചറൽ ക്യാപിററലിസ്ററ്" (Culteral Capitalist) ആയിരുന്നു. പാവങ്ങളെ ചൂഷണം ചെയ്തുകൊണ്ടുള്ള കൊള്ളലാഭത്തെ അദ്ദേഹം നിരുത്സാഹപ്പെടുത്തി.

തന്റെ സഹോദരൻ പ്രസിഡണ്ട് കെന്നഡിയുടെ വധത്തിനുശേഷം, 1964-ൽ റോബർട്ട് അററോർണി ജനറൽസ്ഥാനം രാജിവെച്ചു. ആ വർഷംതന്നെ ന്യൂയോക്കിൽനിന്നും അദ്ദേഹം അമേരിക്കൻ സെനററിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഒരു രാഷ്ട്രീയ നേതാവെന്നപോലെതന്നെ ഒരു നല്ല സാഹിത്യകാരൻ കൂടിയായിരുന്നു ബോബി കെന്നഡി. "പാളയത്തിലെ ശത്രു", (The Enemy Within) "സുഹൃത്തുക്കളും ധീരരായ ശത്രുക്കളും", (Just Friends and Brave Enemies) "നീതിക്കുവേണ്ടിയുള്ള ദാഹം", (The Persuit of Justice) "ഒരു നവലോകത്തിന് വേണ്ടിയുള്ള അന്വേഷണം" (To seek a newer world) എന്നീ നാല് ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. വളരെ ലളിതമായ ഭാഷയിലാണ് ഈ ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ളത്. സാഹിത്യ-രാഷ്ട്രീയ കാര്യങ്ങളിൽ സമയം ചിലവഴിക്കുന്നതിനുപുറമെ കുടുംബകാര്യങ്ങളിലും അദ്ദേഹം തല്പരനായിരുന്നു. ബോബി കെന്നഡി ഭാര്യയെ സ്നേഹിക്കുന്ന ഭർത്താവും, മക്കളെ ലാളിക്കുന്ന പിതാവുമായിരുന്നു. അദ്ദേഹത്തിന്റേതു് രസകരമായ ഒരു പ്രേമകഥയായിരുന്നു. പിന്നീടൊരിക്കൽ ഈ പ്രേമബന്ധത്തെപ്പററി ഭാര്യ ശ്രീമതി. എഥൽ കെന്നഡി ഇപ്രകാരം പറഞ്ഞു—"അദ്ദേഹം അമാനുഷനാണെന്നാണ് ഞാൻ കരുതിയതു്. കുറച്ചാഴ്ചകൾ എന്റെ പിന്നാലെ നടന്ന അദ്ദേഹം എന്റെ സഹോദരി പാററുമായി പ്രേമത്തിലായി. എന്നാൽ പാററ് മറെറാരാളെ വിവാഹം ചെയ്തു. ബോബി എന്നിലേക്ക് തന്നെ മടങ്ങി. ദൈവത്തിന് സ്തുതി."

സുഹൃത്തുക്കളുടെയും, ആരാധകരുടെയും, അഭ്യുദയകാംക്ഷികളുടെയും നിർബ്ബന്ധപ്രകാരം 1968-ൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ അമേരിക്കൻ പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കാൻ റോബർട്ട് കെന്നഡി തയ്യാറായി. സംസ്ഥാന നിലവാരത്തിലുള്ള വ്യക്തികളുടെ സ്വാധീനം നിർണ്ണയിക്കാനായി പ്രസിഡണ്ട് തിരഞ്ഞെടുപ്പിനു മുമ്പ് നടത്തുന്ന പ്രൈമറി തിരഞ്ഞെടുപ്പുകളിൽ അദ്ദേഹത്തിന്ന് വമ്പിച്ച വിജയങ്ങളാണുണ്ടായിക്കൊണ്ടിരുന്നതു്. എല്ലാ പ്രൈമറികളിലും അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വത്തിന്ന് നല്ല മുന്നേററമുണ്ടായി. നബ്രസ്കയിലെ പ്രൈമറിയിൽ റോബർട്ടിന്ന് ഡമോക്രാററിക് പാർട്ടിയുടെ 53 ശതമാനം വോട്ട് കിട്ടിയപ്പോൾ പ്രസിഡണ്ട് ജോൺസന്ന് വെറും ആറ് ശതമാനം വോട്ട് മാത്രമേ ലഭിച്ചുള്ളൂ. ഓറിഗണിൽ അല്പം ഉലച്ചിൽ തട്ടിയെങ്കിലും പിറെറ ആഴ്ച വൈസ് പ്രസിഡണ്ട് ഹംഫ്രിയെ അദ്ദേഹത്തിന്റെ ജന്മനാടായ തെക്കൻ ഡക്കോട്ടയിൽവെച്ച് നിലം പരിശാക്കി. അങ്ങിനെ പ്രസിഡണ്ട് ജോൺസനെതുടർന്ന് മറെറാരു കെന്നഡി വൈററ്ഹൗസിൽ വരുമെന്നും, സമാധാനത്തിന്ന്വേണ്ടി കഠിനാദ്ധ്വാനം ചെയ്യുമെന്നും ലോകം ന്യായമായും പ്രതീക്ഷിച്ചു. പക്ഷെ, വിധി റോബർട്ടിനെ തന്റെ സഹോദരൻ ജോണിനോടൊപ്പം ചേർക്കുകയുണ്ടായി. കാലിഫോർണിയാ പ്രൈമറിയിലുണ്ടായ വമ്പിച്ച വിജയം ആഘോഷിക്കുന്നതിന്നിടയിൽ ജയാരവം മുഴക്കിയ ജനക്കൂട്ടത്തിൽനിന്നും നിഷ്ഠുരനായൊരു മനുഷ്യൻ അദ്ദേഹത്തിന്റെ നേരെ വെടിവെച്ചു. അങ്ങിനെ ലോകത്തിന്നാകമാനം തീരാത്തനഷ്ടം വരുത്തിവെച്ചുകൊണ്ട് റോബർട്ട് ഫ്രാൻസിസ് കെന്നഡി 1968 ജൂൺ 6-ാംനു- ലോസ് ആഞ്ചൽസിലെ ഒരു ആശുപത്രിയിൽവെച്ചു മരിച്ചു. തന്റെ ജീവിതത്തിലെ ഏററവും ശ്രേഷ്ഠമായ ഒരു ഘട്ട

ത്തിൽ, തന്റെ ജീവിതത്തിലെ ഏററവും ശോഭനമായ ഒരു ഘട്ടത്തിലേക്ക് കാലൂന്നുന്ന അവസരത്തിലാണ് റോബർട്ട് വെടിയേററു വീണതു്. സ്വാതന്ത്ര്യവും, നാഗരികതയും ഇഷ്ടപ്പെടുന്ന ജനകോടികളുടെ ഹൃദയങ്ങളിൽ എന്നും അനുകമ്പയും, നടുക്കവും, ലജ്ജയും ഉണ്ടാക്കുന്നൊരു സംഭവമായിരുന്നു അതു്. സമാധാനത്തിന്നും, സമത്വത്തിന്നും, സഹിഷ്ണുതക്കും വേണ്ടി ജീവിക്കുകയും, മരിക്കുകയും ചെയ്ത ഈ ഉന്നതനായ ചെറുപ്പക്കാരനെ നഷ്ടപ്പെടുത്തിയതിൽ മനുഷ്യരാശി മുഴുവൻ ലജ്ജിച്ചു തലതാഴ്ത്തി. ലോകമൊട്ടുക്കുമുള്ള അമേരിക്കൻ പതാകകൾ ദുഃഖസൂചകമായി താഴ്ന്നുപറന്നു. ബോബി കെന്നഡിയുടെ കിരാതവും, വിവേകരഹിതവുമായ വധത്തിൽ ലോകത്തിലെ ഓരോ കുടുംബവും, കെന്നഡി കുടുംബത്തോടൊപ്പം ദുഃഖിച്ചു. ലോകത്തിന്റെ കനത്ത വാഗ്ദാനമായിരുന്ന റോബർട്ടിന്റെ ഒരിക്കലും ന്യായീകരിച്ചുകൂടാത്ത വധം മനുഷ്യരാശിയുടെ ചരിത്രത്തിൽ മായ്ക്കാനാവാത്ത പാടു് സൃഷ്ടിച്ചു. നാലു് കെന്നഡി സഹോദരന്മാരിൽ ഇപ്പോൾ ജീവിച്ചിരിപ്പുള്ള ഏക വ്യക്തിയായ ശ്രീ. എഡ്വാർഡ് കെന്നഡി പറഞ്ഞതുപോലെ, ''തെററു് കാണുമ്പോൾ അതു് തിരുത്താൻ ശ്രമിക്കുകയും, ദുരിതങ്ങൾ കാണുമ്പോൾ അതാശ്വസിപ്പിക്കാൻ ശ്രമിക്കുകയും, യുദ്ധം കാണുമ്പോൾ അതവസാനിപ്പിക്കാൻ ശ്രമിക്കുകയും ചെയ്ത മാന്യനും, നല്ലവനുമായ ഒരു മനുഷ്യനെന്ന നിലയിൽ ബോബി എക്കാലവും സ്മരിക്കപ്പെടും.'' (Bobby would be remembered simply as a good and decent man, who saw wrong and tried to right it, saw suffering and tried to heal it, saw war and tried to stop it.) അരദശകത്തിന്നിടയിൽ കെന്നഡി കുടുംബത്തിന്നേല്ക്കുന്ന രണ്ടാമത്തെ ആഘാതമാണിതു്. രാഷ്ട്രീയ നഭസ്സിൽ തന്റെ ഭാഗ്യനക്ഷത്രം ഉദിച്ചുയരുകയായിരുന്ന അവസരത്തിൽ നാലരവർഷം മുമ്പാണ് പ്രസിഡണ്ട് ജോൺ എഫ്. കെന്നഡി ക്രൂരമായി വെടിവെച്ചു് വീഴ്ത്തപ്പെട്ടതു്. രാഷ്ട്രാന്തരീയ ചക്രവാളത്തിൽ ആ ദുരന്തം പരത്തിയ ശോകച്ഛായ മായുന്നതിന്നുമുമ്പാണ് ഈ ആഘാതം ഉണ്ടായിട്ടുള്ളതു്. അബ്രഹാം ലിങ്കൺ, ജോൺ കെന്നഡി, മാൽകം എക്സ്, മാർട്ടിൻ ലൂതർകിങ്ങ് . . . ആ രക്തസാക്ഷികളുടെ പട്ടികയിലേക്ക് ഒരു പേർകൂടി ചേർക്കേണ്ടിവന്നിരിക്കുന്നു.—റോബർട്ട് എഫ്. കെന്നഡി.

ബോബിയുടെ ഭാര്യയും, ഒരു കൈക്കുഞ്ഞുൾപ്പെടെ പതിനൊന്ന് മക്കളും ജീവിച്ചിരിപ്പുണ്ട്. ഇനിയുള്ളകാലം ആ അമ്മയും, മക്കളും അനുഭവിക്കേണ്ടിവരുന്ന നിതാന്ത ശൂന്യതയാണ് ആരെയും ഞടുക്കം കൊള്ളിക്കുന്നൊരു കാര്യം. റോബർട്ട് കെന്നഡിയുടെ ശവമഞ്ചത്തിന്നു് ചുററുമിരുന്നു് കൊണ്ടു് മൂന്നു് വിധവകൾ തേങ്ങിക്കരഞ്ഞു—അദ്ദേഹത്തിന്റെയും, സഹോദരൻ ജോൺ കെന്നഡിയുടെയും, മാർട്ടിൻ ലൂതർകിങ്ങിന്റെയും വൈധവ്യം ഭവിച്ച ഭാര്യമാർ. ശോകഭാരംതാങ്ങി ഞെരുങ്ങുന്ന ആ അബലകളുടെയും, അതുപോലെയുള്ള ജനകോടികളുടെയും ഹൃദയവികാരങ്ങളെ ശമിപ്പിക്കുവാൻ ആർക്ക്, എന്നു് കഴിയും? ലോകനേതാക്കളുടെ ഉജ്ജ്വലമായ അനുശോചനങ്ങൾക്കോ, ഭുവനത്തിലെ പറുദീസകൾക്കോ, ഭൗതികസംസ്കാരത്തിന്റെ കലവറയിലെ മണിമേടകൾക്കോ സാധിക്കയില്ലെന്നു് തീച്ച്.

# THE PROBLEMS OF STUDENTS

K. N. Mohmed Aslam, I B. Sc. Botany

Need is what a man desires or requires. The need of the student is an education that will help him to realise his desire. In the pursuit of that aim, difficulties are bound to arise and impede his endeavour. These difficulties which the student has to overcome in the course of his student life are his problems.

The students of the Vedic Age were from the higher Castes. Only superior castes of the society were allowed to study. They were only expected to be fit to receive "the superior divine knowledge". The attainment of knowledge was achieved by the institution of the "Gurukulam". Education was cheap, the "Gurudakhsina" being given after study by the disciple through his newly acquired skill and knowledge. The student had little or no worldly responsibility; he had ample time to devote to his study and he had very little distractions, to know and study the modern world as he lived at the Gurukulam. Everything being so simple the need of the student could be fulfilled with hard study and there could not have been, possibly, any problems.

The conditions have changed in the present time. The transformation is so great that to the modern student, the Gurukula system seems to be an imposible, impracticable, imbecile and preposterous system. From the bliss in passive contentment, we have become ambitions in our folly. With the intricate complexity of the modern times, the needs of the student too have undergone deep and violent changes which are interminable and the resolution of which should be perennial. Problems have multiplied and now they almost strangle him. The needs and the problems of the student can be gauged only by a consideration of varied factors — the qualities of the student, compelling forces, the available facilities and their shortcomings.

**The Student — his Quality**

The modern student is free from the shackles of caste, colour, creed or sex. Anyone who has the aspiration and who is prepared to hitch himself to the necessary training and systematic working can be a student. In spite of the reverence and high place enjoyed by women, they had no formal schooling in days of old. History and legend tell us of women who were intelligent, of women who were learned but not of women who had an education similar to that of their male counterparts. The term student now embraces boys and girls, ladies and gentlemen.

The student is imbued with a questioning spirit evoked by the recent scientific discoveries. He does not accept the word of the teacher ( Guru ) as absolutely true or immutably correct. The spirit of disbelief and the questioning spirit have made him curious to the very matter of his subject. To the student, the prevailing educational system is not geared to clear the doubts and to enable him to find out and believe the truth. It is the needs and problems of this type of student that we are to think about.

**Environment and Compelling Forces**

The home atmosphere is the first and foremost force acting on the student. Only a peaceful home can bring out the best and the brightest future in him. It is a problem that faces not only the student but the whole nation; and one for which the student can devise no remedy. Home may be said to be the foundation for the whole edifice he can build or could be made to build for himself in future life.

Due to the feeling among the parents that they should give their children some schooling supplemented by facilities like free secondary education numerous schools and increased

number of collegs, we have a mass education programme today. Formal education has become broad based. Most of the students cannot afford to study with out any pecuniary motive. The aim and wish of most of the parents are also that their children should, after their schooling, secure suitable jobs and support the parents when they get old. Naturally the objective of the student, his aim or need for education, is the securing of a comfortable job. It is more for this or ever solely for this, that the student aspires to get a schooling and a Degree.

Education therefore becomes subservient to jobhunting. This is clearly reflected in the preference shown by the students for the Science and Commerce courses at the expense of the Arts course. The scope for job now-a-days in our country is more for Science and Commerce courses than for Arts courses. A student's study is carefully fashioned to jump the hurdles of the examinations and secure high marks.

What the student ought to aim at is really the broadening of his mind and outlook. The aim of a proper education is not to make the student learn, but to make him capable of learning on his own. For this interdependence of the University Degree and jobs must be broken up.

As a rule post-graduate study is undertaken to ensure a better chance of getting a better job for the students in India. In foreign countries like the United States of America only a graduate degree is sufficient for most of the jobs. A student in the U. S. A. is expected to take a post-graduate degree only if a specialized training is required Post-graduate work is taken up only by those who have an aptitude for, and sincerely desire to do, research in the chosen field.

It is because of the purely materialistic narrow view of education, the failure to realise the cultural value of schooling, that indiscipline is rampart among the students. Under the slightest pretext they organize strikes and resort to violence against authority. Unscrupulous politicians are also responsible to a great extent for the "teenage violence", as students indiscipline is sometimes designated. Only a stiff attitude on the part of the parents, and the authorities concerned will cure this malady. To prevent its outburst again, the pattern of education should be changed to impart cultural values to the student.

**Problems of the Student**

With this background let us examine the problems of the student. Up to the Secondary School level, he has very few problems. But once he comes to the college, he realises that the medium of instruction there constitutes a problem. It cannot be denied, that for some time to came, all higher education must be in English. Having had education in the Schools in the regional language, it is really a hard task for the student, to switch over to a new language overnight. Further the change of schools in different states necessitated by the transfers of the parents is a great bugbear. This could be solved easily, by having a uniform medium of instruction and that too in English.

The next problem, in magnitude, is the high cost of the college eduction. Apart from the Scheduled Casts and Tribes and backward classes, there are many belongings to the Middle class (of all castes), to whom college education is hard to reach if not beyond reach. A reduction in the cost of higher education is imperative.

Another way of solving the problem — one which rests on the part of the student — is to earn while studying. The acceptance of part time jobs, is a common practice in some foreign countries particularly in the United States. The 'Dignity of Labour' is practised and not merely preached. Even the post-graduute student is not ashamed to serve or clean the tables in restaurants. It would be worthwhile for us, in India, to emulate and encourage this.

The next thing, is the practice, of receiving "donation" for getting admission. This

is one of the major obstacles that faces a student who comes forward to taste higher education in Colleges. So effective action should be take by the authorities to stop this frustration of the students. If the University and the University Grants Commission are prepared to take strong action, this is one defect which can be certainly corrected.

